Santhigiri

ഗുരുവാണി

"ഭക്തനാണെങ്കിൽ ഞാൻ എന്ന ഭാവമില്ല. എല്ലാം ഗുരുവിൽ അർപ്പിക്കും."

# ഉമ്മിണിതങ്കം

VOL 03 | ISSUE 35 | 2017 ആഗസ്റ്റ് 25 | 1193 ചിങ്ങം 9

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# ഭാരതീയ ദർശനങ്ങളുടെ ഉദാത്ത മാതൃക ശാന്തിഗിരിയിൽ: കേന്ദ്രമന്ത്രി സുദർശൻ ഭഗത്

**റിസർച്ച് സോൺ:** ഗുരുശിഷ്യബന്ധത്തിലധിഷ്ഠിതമായ ഭാരതീയ ദർശനങ്ങളുടെ ഉദാത്ത മാതൃകയാണു ശാന്തിഗിരിയിലുള്ളതെന്ന് കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത്. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നവപൂജിതം ആഘോഷങ്ങളുടെ ഭാഗമായി ആശ്രമം റിസർച്ച് സോൺ ആഡിറ്റോറിയത്തിൽ നടന്ന ഗ്ലോബൽ സ്പിരിച്വൽ കോൺക്ലേവിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ദൈവത്തിന്റെ സ്വന്തം നാടെന്ന് അറിയപ്പെടുന്ന കേരളം അനാദികാലം മുതൽ തന്നെ മഹാത്മാക്കളുടെ നാടാണ്. ആദിശങ്കരൻ, ശ്രീനാരായണഗുരു തുടങ്ങി നിരവധി മഹാത്മാക്കൾ ഈ മണ്ണിൽ ജനിക്കുകയും ധർമ്മ പ്രചരണത്തിനായി ദേശത്തിന്റെ പല ഭാഗങ്ങളിൽ ആശ്രമങ്ങൾ സ്ഥാപിച്ച് അവരുടെ ആശയങ്ങൾ ലോകത്തിനു പകർന്നുനൽകുകയും ചെയ്തു. ഇതര ഗുരുക്കന്മാരിൽ നിന്നും വ്യത്യസ്തമായി ഗുരുവിന്റെ ആദ്ധ്യാത്മിക കർമ്മഭൂമിയിൽ ഗുരുശിഷ്യബന്ധത്തിന്റെ ഉദാത്തമാതൃകയായ ശിഷ്യപൂജിതയിലൂടെ ലോകം ഗുരുവിനെ അറിയുന്നുവെന്ന് മന്ത്രി പറഞ്ഞു. ഭൗതികവാദിയായ മനുഷ്യൻ എന്നും ഇന്ദ്രിയങ്ങൾക്ക് അടിമപ്പെടുന്നവനാണ്. ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിനായിട്ടുള്ള അശ്രാന്ത പരിശ്രമം മനുഷ്യനു ജീവിതസംഘർഷങ്ങളും മനഃസംഘർഷങ്ങളും നൽകി. ഒരു ആഗ്രഹം പൂർത്തിയായാൽ അടുത്ത പത്തെണ്ണം കണ്ടെത്തുന്നു. സ്വാർത്ഥത മൂലമാണു നമ്മുടെ ധർമ്മത്തിലും സംസ്ക്കാരത്തിലും തെറ്റുകൾ സംഭവിച്ചിട്ടുള്ളത്. ഇതിനെ തിരുത്താൻ ഭൗതികതയോടൊപ്പം ആദ്ധ്യാത്മികതയും ജീവിതത്തിൽ പുലർത്തണം. ജീവിതശൈലിക്കൊപ്പം ആദ്ധ്യാത്മിക ശൈലി കൂടി പകർന്നുനൽകാൻ ശാന്തിഗിരിയെപ്പോലുള്ള പ്രസ്ഥാനങ്ങൾക്ക് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആദ്ധ്യാത്മികതയ്ക്ക് പുറമെ ആയുർവേദം, വിദ്യാഭ്യാസം, വ്യക്തിവികാസം, ഗവേഷണം തുടങ്ങി നിരവധി മേഖലകളിൽ ആശ്രമം നടത്തുന്ന പ്രവർത്തനങ്ങളെയും അദ്ദേഹം പ്രശംസിച്ചു.



*ശാന്തിഗിരി ഗ്ലോബൽ സ്പിരിചൽ കോൺക്ലേവ് കേന്ദ്രമന്ത്രി സുദർശൻ ഭഗത് ഉദ്ഘാടനം ചെയ്യുന്നു*

ഇന്ത്യൻ കൗൺസിൽ ഓഫ് ഫിലോസഫിക്കൽ റിസർച്ച് ചെയർമാൻ പ്രൊഫ. എസ്. ആർ. ഭട്ട് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീലങ്കൻ മഹാബോധി സൊസൈറ്റി പ്രസിഡന്റ് വെനറബിൾ ബംഗാല ഉപതിസ, വിയറ്റ്നാം ബുദ്ധിസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉപബോധകൻ വെനറബിൾ റ്റിക്ക് റ്റ്യൂം ഡ്യൂ എന്നിവർ വിശിഷ്ടാതിഥികളായി. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി ചടങ്ങിനു മഹനീയ സാന്നിധ്യമായി. സെൻട്രൽ ബ്യൂറോ ഓഫ് ഇൻവസ്റ്റിഗേഷൻ മുൻ ഡയറക്ടർ പത്മശ്രീ ഡി. ആർ. കാർത്തികേയൻ, നാഷണൽ കൗൺസിൽ ഓഫ് എഡ്യുക്കേഷൻ റിസർച്ച് മുൻ ഡയറക്ടർ പത്മശ്രീ ജെ.എസ്. രജ്പുത്, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റി ഫിലോസഫി വിഭാഗം പ്രൊഫസർ ശ്രീകല എം. നായർ, ശാന്തിഗിരി ആശ്രമം ഉപദേശകസമിതി ജനറൽ കൺവീനർ ഡോ.എസ്.എസ്. ഉണ്ണി എന്നിവർ പ്രസംഗിച്ചു. ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഫെലോമാരായ ഡോ. കെ. ഗോപിനാഥൻ പിള്ള സ്വാഗതവും പ്രൊഫ. കെ. രാജശേഖരൻ നായർ കൃതജ്ഞതയും പറഞ്ഞു. ചടങ്ങിൽ രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി ആത്മീയ നേതാക്കളും തത്ത്വചിന്തകരും ശാസ്ത്ര വിദ്യാർത്ഥികളും പങ്കെടുത്തു.

GLOBAL SPIRITUAL CONCLAVE



*മധുരസ്മൃതി സി.ഡി പ്രകാശനം*

## 'മധുരസ്മൃതി' പ്രകാശനം ചെയ്തു

**തിരുവനന്തപുരം:** ഗുരുവിന്റെ ജീവിതവഴിത്താരയിലെ നിത്യസ്മരണാർഹമായ ഏതാനും സംഭവങ്ങളുടെ കവിതാവിഷ്കാരം 'മധുരസ്മൃതി' ഗുരുഭക്തിഗാനങ്ങൾ തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ചലച്ചിത്ര ഗാനരചയിതാവും സംവിധായകനുമായ ശ്രീകുമാരൻ തമ്പി പ്രകാശനം ചെയ്തു. സംവിധായകനും എഴുത്തുകാരനുമായ വയലാർ മാധവൻകുട്ടി ആദ്യ കോപ്പി ഏറ്റുവാങ്ങി. സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി, സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി എന്നിവരും മധുരസ്മൃതിയുടെ രചയിതാവ് അനിൽ ചേർത്തല, സംഗീത സംവിധായകൻ സുനിൽ പള്ളിപ്പുറം, പ്രേം ദാസ്, ജി. ഗോപകുമാർ തുടങ്ങിയവരും ചടങ്ങിൽ സംബന്ധിച്ചു.

കവി മുരുകൻ കാട്ടാക്കട, സുനിൽ പള്ളിപ്പുറം, ശാന്തിപ്രിയ എന്നിവരാണ് ആലപിച്ചിരിക്കുന്നത്.

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

ചന്തയ്ക്കോ ആശുപത്രിയിലോ രാഷ്ട്രീയ പ്രസംഗത്തിനോ ക്ഷേത്രത്തിലോ പോകുന്നതുപോലെയല്ല, അതിനെക്കാളേറെ ഉപരി ഒരു സ്നേഹം ഇവിടെയുണ്ട്. ഇവിടുത്തെ അഖണ്ഡനാമജപത്തിൽ പങ്കെടുക്കുന്ന എല്ലാവർക്കും അറിഞ്ഞോ അറിയാതെയോ ഒരു ശാന്തത. ഇവിടെ വരുന്നവർ എങ്ങനെയോ ഇവിടുത്തെ രീതികളുമായി ഇഴുകിച്ചേർന്നുപോകുന്നു. ഈ അന്തരീക്ഷത്തിൽ നിന്നും ചില വ്യക്തികളിൽ നിന്നും ഒരു ശാന്തത. അതു നമ്മൾ സൂക്ഷിക്കണം. പ്രവൃത്തിയിലെത്തുന്നില്ലെങ്കിലും ഒരു ശാന്തത അനുഭവപ്പെടുന്നു. നാം ചെയ്ത കർമ്മത്തെ ദൈവം ഫലിപ്പിക്കുന്നതാണ് അതിനു കാരണം.

ഇനി ഈ അന്തരീക്ഷത്തിൽ നിന്ന് മറ്റൊന്നു വന്നുചേരാനുണ്ട്. അതു കുറേ മുമ്പേ ഇവിടെ സ്വരുക്കൂട്ടി വച്ചിട്ടുണ്ട്. ഈ പരമ്പരയ്ക്കുതകേണ്ട അടിസ്ഥാനമാണത്.

എന്താണ് ഈ കാലഘട്ടത്തിന്റെ സ്വഭാവം? ആസുരത്വം പകർന്നു ദുഷിച്ചിരിക്കുകയാണ്. അനാവശ്യമായ ഒരു ശബ്ദമോ വാക്കോ ഉണ്ടാകുന്നത് അബദ്ധം എന്ന ധാരണയുണ്ടായിരുന്ന ഒരു കാലം എന്റെ കൊച്ചുന്നാളിൽ ഉണ്ടായിരുന്നു. ഇന്നത് നേരെ മറിച്ചാണ്. പൈശാചികം ഭരിക്കുന്ന കാലം. ഇതിനെ മാറ്റിയെടുക്കാൻ ദൈവത്തിനൊരു നിശ്ചയമുണ്ട്. ഇതിന്റെ വേദന ആദ്യം അനുഭവപ്പെടുന്നത് സന്ന്യാസിക്കാണ്. അവന് യാതൊരുവിധമായ സഹായവും സൗകര്യവും കൊടുക്കാത്ത സാഹചര്യം. ചുറ്റുപാടുകൾ എല്ലാത്തരത്തിലും അവന് പ്രതികൂലമായിരിക്കും. അവനെ ആരും അനുസരിക്കാതെ, അതിന്റെ മറുവശം ശക്തിയായ നിലയിൽ ഉണ്ടാവുകയും ചെയ്യും. അവൻ ആത്മീയവശം ഉള്ളവനാണെങ്കിൽ എല്ലാ പൈശാചികത്വവും അടിഞ്ഞുകയറി പറഞ്ഞറിയിക്കാൻ കഴിയാത്തവണ്ണം കഷ്ടപ്പെടുത്തുകയും ചെയ്യും. എന്നാൽ കോഴിയെ അറുത്ത് കോമരം തുള്ളുന്നിടത്ത് യാതൊരു വിഷമവുമില്ല. കോമരത്തിന്റെ സ്വഭാവമുള്ളവർക്ക് ഇവിടെ വന്നാൽ നിൽക്കാൻ കഴിയുകയില്ല. എന്നാൽ സ്വാസത്തിന്റെ പൂർണതയിലെത്തിയതുപോലെയുള്ള ചില സന്യാസിമാരുണ്ട്. ഭക്തിയും വിനയവും ശക്തിപ്പെട്ടുനിൽക്കുന്നവർ. അങ്ങനെയുള്ളവർ അറിയാതെ ഇവിടെയങ്ങു നിന്നുപോകും.

ഇതിനൊക്കെ കാരണം ഇവിടെ പൈശാചികത്തിന്റെ തരിമ്പുപോലും ഇല്ല എന്നതാണ്. പൈശാചികത്വത്തെ പൂർണമായും മാറ്റുന്നതിന് കുറെക്കാലം മുമ്പ് നമ്മളിവിടെ ഒരു കർമ്മം ചെയ്തുറപ്പിച്ചിട്ടുണ്ട്. പൂർത്തീകരണമെന്നാണ് ദൈവം അതിനെക്കുറിച്ച് അറിയിച്ചിട്ടുള്ളത്. 2001 ഗുരുക്കന്മാരെയും അവരുടെ പരമ്പരയെ മൊത്തമായും നമുക്കു കാണിച്ചുതന്നിട്ടുണ്ട്. അതിൽ ആദ്യത്തെ ഏഴു ഗുരുക്കന്മാർക്ക് പതിനായിരം കോടി വീതമാണ് ശിഷ്യഗണങ്ങൾ. ബാക്കിയുള്ളവർക്ക് നാലായിരം കോടി വീതം. ഈ എല്ലാ ഗുരുപരമ്പരയിലെയും പൈശാചികത്വത്തെ തീർത്തുകഴിഞ്ഞു. ഗുരുക്കന്മാരെ ഈശ്വരപ്രകാശത്തിൽ അണയ്ക്കുകയും ചെയ്തു. ദുഷിച്ച് അന്തരീക്ഷത്തിൽ നിന്ന ഈ ഗുരുപരമ്പരകളെ ശുദ്ധമാക്കാൻ നാലര വർഷമെടുത്തു. അതിനു ശേഷവും എത്രയോ പൂർത്തീകരണങ്ങൾ നടന്നു. അവസാനം 1973-ൽ, "ഞാൻ യുഗാന്തരങ്ങളായി ആഗ്രഹിച്ചിരുന്നത് പൂർത്തിയായി" എന്ന് ദൈവം അറിയിച്ചു. ഇതോടെ ഈ ഗുരുക്കന്മാരുടെ ശിഷ്യപരമ്പര 1973 മുതൽ ലോകമെമ്പാടും ജനിച്ചുകൊണ്ടിരിക്കുകയാണ്. അവരെക്കാളും ഉയർന്ന കുട്ടികൾ ഈ പരമ്പരയിൽ വന്നുജനിക്കും. അതിനുവേണ്ടിയാണ് നമ്മുടെ പ്രാർത്ഥനയും സങ്കല്പവും കർമ്മവും.

## വചനദീപ്തി

**"നമ്മുടെ തന്നെ തിന്മകളുടെ വലയിൽ കുടുങ്ങിയ ചിലന്തികളെപ്പോലെയാണ് നമ്മൾ. സത്കർമ്മങ്ങൾ കൊണ്ടേ അതിൽ നിന്ന് മോചനമുള്ളൂ"**

**ശ്രീബുദ്ധൻ**

പ്രകാശപഥം

# പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം

ഒരു ചേച്ചി എന്നോട് അവരുടെ ഒരനുഭവത്തിന്റെ കാര്യം വന്നുപറഞ്ഞു. അവർക്കൊരടയാളം ഗുരുവായിട്ടു കാണിച്ചുകൊടുത്തു. പലർക്കും പല രീതി കാണും. അത് വേറൊരു ഭാഗം. പക്ഷെ അവർ കണ്ട ഭാഗം ഇതാണ് - ഗുരു എത്രയോ പ്രകാശത്തിൽ, തീ പോലുള്ള പ്രകാശത്തിൽ, ജ്വലിച്ചു നില്ക്കുന്നു. ജ്വലിച്ചിട്ട് ഗുരു തപസ് ചെയ്യുന്ന ജീവശക്തിയായിരിക്കുന്ന പ്രകാശരൂപത്തെ അവർ കാണുകയാണ്. എന്നിട്ട് രണ്ട് ആന ഇങ്ങനെ ചീറ്റിക്കൊണ്ടു നില്ക്കുന്നതായിട്ടും കാണുകയാണ്. അപ്പോൾ അത് കണ്ടിട്ട് അവർക്ക് ഉറങ്ങാൻ പറ്റുന്നില്ല. ഉറക്കം വരുന്നില്ലാന്ന് അവരെന്നോട് വന്നു പറയുകയായിരുന്നു. പക്ഷെ ഈ പറഞ്ഞ സംഭവം സത്യമാണ്. കാരണം നല്ലതുപോലെ നടക്കുന്ന ഒരാനയ്ക്ക് എപ്പോഴാണ് മദമിളകുന്നത് എന്ന് എങ്ങനെയറിയും. ആ രംഗമാണ് ഗുരു ഇവിടെ കാണിച്ചത്. ഇങ്ങനെയൊരു ഭാഗം. ഏറ്റവും വലിയ മൃഗങ്ങളിൽ വച്ച് ശാരീരികമായിട്ടും സത്യമായിട്ടും പെരുമാറുന്ന ഒരു സത്യസന്ധത ആ മൃഗത്തിന്റെ -ആനയുടെ- ഉള്ളിലുണ്ട്. അതാണ് നമ്മൾ ഈശ്വരകാര്യങ്ങൾക്കായിട്ട് അതിനെ ഉപയോഗിക്കുന്നത്. അല്ലെങ്കിൽ ഒരു ശുഭലക്ഷണമായിട്ടും മംഗളകർമങ്ങൾക്കും ദാനത്തിനും ഒക്കെ നമ്മൾ ഉപയോഗിക്കുന്ന കാര്യമാണ്. അപ്പോൾ ഇങ്ങനെയുള്ള കാഴ്ചകൾ എന്തിനു ഒരു അടയാളമായിട്ടു കാണിച്ചു കൊടുക്കുന്നു? നിങ്ങളുടെ ഉള്ളിന്റെ ഉള്ളിൽ ഇതുപോലുള്ള കർമങ്ങൾ ഉണ്ട്. നിങ്ങൾ ഇത് സൂക്ഷിച്ചുകൊള്ളണം. എപ്പോഴാണ് നിങ്ങൾക്കീ ആനയെപ്പോലുള്ള നീചത്വവശങ്ങൾ വരുന്നതെന്ന് അറിയില്ല. പ്രകൃതി നിങ്ങളെ കഠോരമായിട്ടു ശിക്ഷിക്കുന്നു എന്നുള്ളതാണ്. 'പ്രകൃതി പിടിച്ചു ചുഴറ്റിടും പ്രകാരം സുകൃതികൾ പോലും അഹോ ചുഴന്നിടുന്നു' എന്നു പറഞ്ഞ ഭാഗമാണു കണ്ടത്. അതിനെ ആർക്കും നിയന്ത്രിക്കാൻ കഴിയില്ല എന്നും നമ്മൾ ധരിച്ചു കൊള്ളണം.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ഗുരുവിന്റെ ജന്മഗൃഹം




ഗുരു ജനിച്ച വീട് താഴ്മയേറിയ ഒരു കുടിലായിരുന്നു. ഇന്നത് ഗുരുവിന്റെ ജന്മഗൃഹം എന്ന തീർത്ഥാടനകേന്ദ്രമായി വികാസം പ്രാപിച്ചിരിക്കുന്നു. ഇന്നിവിടെ ജീവിതം എത്ര മാറി! പ്രകൃതിയും! അന്ന് മത്സ്യഫാക്ടറികളിലെ ദുർഗന്ധപൂരിതമായ മലിനജലവാഹിയായ കനാലുകളായിരുന്നു ചുറ്റും. ഈ കനാലുകൾ ചെന്നുചേരുന്നത് വേമ്പനാട്ട് കായലിൽ. ഇന്ന് സ്ഥിതിയാകെ മാറി. ആ ഗ്രാമത്തിലെ ജനജീവിതത്തിന് ഇന്ന് ഒഴുക്കും തഴപ്പും ഉണ്ട്. അതിനു ചേർന്ന കെട്ടിടങ്ങളും സഞ്ചാരപഥങ്ങളുമുണ്ട്. എല്ലാം ജന്മഗൃഹം വന്നതിനുശേഷമുള്ള മാറ്റങ്ങൾ.

അന്ന് ആ ഗ്രാമത്തിലെ താമസക്കാർ സാമാന്യത്തിൽ നിന്നും താഴെപ്പെട്ടവരായിരുന്നു സാമ്പത്തികമായും സാംസ്കാരികമായും. എന്നാൽ പൂർവ്വികമായി ഉന്നതമായ ഒരു പാരമ്പര്യം അവർക്കുണ്ടായിരുന്നു. വൈദ്യം, ജ്യോതിഷം, സാത്വിക ജീവിതം... അങ്ങനെ. ഈ പാരമ്പര്യത്തിന്റെ വിസ്മയകരമായ ഒരു പൊട്ടിവിരിയലാണ് ഗുരു.

പ്രസവസമയം വളരെയേറെ ഉത്കണ്ഠ നിറഞ്ഞതായിരുന്നു. കടുത്ത വീർപ്പുമുട്ടുകൊണ്ട് അന്തരീക്ഷം വിങ്ങിനിന്നു. ആരും ഒന്നും ഉരിയാടുന്നുപോലുമില്ല. അമ്മയുടെ അച്ഛൻ മുഖവും കൈകാലുകളും കഴുകി, മാറി നിന്ന് മനോവേദനയോടെ പ്രാർത്ഥിച്ചുനില്ക്കവെ മുമ്പൊരിക്കലും ആ പ്രദേശത്തെങ്ങും കണ്ടിട്ടില്ലാത്ത ഒരു വെളുത്ത പശു എവിടെയോ നിന്ന് ഓടി വന്ന് മുറ്റത്ത് വീണു ചത്തു.

ഏതാണ് ഈ വെളുത്ത പശു? എവിടെ നിന്നു വന്നു? അജ്ഞാതമായ ഏതോ ഒരു ശക്തി ഏത് പ്രതിസന്ധിയിലും ഗുരുവിന്റെ ജീവിതത്തിലുടനീളം വഴിവിളക്കായി നിന്നിട്ടുണ്ടല്ലോ. അത് പ്രകൃതിയിൽ സ്വയം തെളിക്കപ്പെടുന്ന വിളക്കുതന്നെ. പ്രപഞ്ചസംവിധാനത്തിൽ ഓരോന്നിനുമുണ്ട് അതിന്റേതായ ധർമ്മം. വഴിമുട്ടുമ്പോൾ സഞ്ജീവനിപോലെ ആ ധർമ്മം ഓടിയെത്തും. അതിനൊരു കാര്യകാരണബന്ധവും ഉണ്ടാകും.

രഘു ചക്രവർത്തിയുടെ ജനനസമയത്ത് ദൂതത്വവും ത്യാഗബലവും പ്രകാശിപ്പിക്കുന്ന ഒരു ധർമ്മം നിർവഹിക്കപ്പെട്ടതായി പറയപ്പെട്ടിട്ടുണ്ട്. ഗുരുവിന്റെ ഈ ജനനത്തോടു ചേർന്നും ആ ദൗത്യം ആവർത്തിക്കപ്പെട്ടതാകാം.

"ഭാവിശ്രേയ: പിശുനശകുനം"

അതെ, വരാൻ പോകുന്ന എണ്ണമറ്റ ശ്രേയസ്കരമായ സംഭവഗതികളുടെ സൂചനയായിരുന്നു ആ സംഭവം.

ജനിച്ച് ഭൂമിയിലേക്ക് വന്നപ്പോൾ ആദ്യം കണ്ടത് മുടലപ്പുരയുടെ മൂലപ്പലകയിൽ കത്തുന്ന ഒരു ദീപനാളം. ആ പ്രകാശം കണ്ട് കുഞ്ഞ് കണ്ണടച്ചില്ല. കണ്ണ് കൂടുതൽ കൂടുതൽ തുറക്കുകയാണ് ചെയ്തത്. പില്ക്കാലത്ത് ജന്മഗൃഹത്തിന്റെ പൂജാമുറിയിൽ പ്രതിഷ്ഠിക്കപ്പെട്ട കെടാവിളക്കിന്റെ ആദിമരൂപമായിരുന്നു അത്. പൂർവ്വജന്മങ്ങളിൽ അകതാരിന്റെ ദാഹമായി തെളിഞ്ഞിരുന്നു ആ ദീപം. ഇന്നത് ഉദാത്തമായ സ്നേഹസ്മൃതിയായി പ്രകാശിക്കുന്നു.

# തലസ്ഥാന നഗരിയുടെ ഓണാഘോഷം ഉദ്ഘാടനം ഇന്ന് ശാന്തിഗിരിയിൽ

**റിസർച്ച് സോൺ:** സാഹോദര്യത്തിന്റേയും ഐശ്വര്യത്തിന്റേയും നവമുകുളങ്ങൾ വിടർത്തുന്ന പൊന്നോണാഘോഷങ്ങൾക്ക് നാളെ ശാന്തിഗിരിയിൽ അരങ്ങൊരുങ്ങുന്നു. ഒരു ജനതയുടെ സംസ്കാര സവിശേഷതകൾ അവരുടെ ഉത്സവാഘോഷങ്ങളിലൂടെ തിരിച്ചറിയുവാൻ സാധിക്കുന്നു. മലയാളിയുടെ പൈതൃത്തിന്റെ തന്നെ ഉണർത്തുപാട്ടാണ് കേരളീയരുടെ ദേശീയ ഉത്സവമായ ഓണം. പൂവിളിയും പൂക്കളവും ഓണസദ്യയുമെല്ലാം മലയാളിയുടെ മന്ത്രങ്ങളെ പുളകച്ചാർത്തണിയിക്കുന്ന അസുലഭനിമിഷം.സമഭാവനയുടെ പ്രതീകമായ ഓണാഘോഷത്തെ കേരളീയജനത നെഞ്ചോടുചേർത്തുവയ്ക്കുമ്പോൾ സന്തോഷത്തിന്റെയും ഊർജസ്വലതയുടെയും അതിലുപരി ഗൃഹാതുരസ്മരണകളുടെയും ദിനരാത്രങ്ങൾക്കു തുടക്കമാകുകയാണ്.



പൊന്നിൻ ചിങ്ങത്തിലെ അത്തം നാൾ മുതൽ ആരംഭിക്കുന്ന ഓണാഘോഷം തിരുവോണം വരെ ആവേശം ഒട്ടും ചോരാത്ത ചോരാത്ത നിലയിൽ തലസ്ഥാനത്ത് ആഘോഷിക്കുന്നു. ശാന്തിഗിരി , മലയാളമനോരമ, സ്വസ്തി ഫൗണ്ടേഷൻ, തിരുവല്ല ബിലിവേഴ്സ് ചർച്ച് മെഡിക്കൽക്കോളേജ്, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ തിരുവനന്തപുരം ശാഖ, വെഞ്ഞാറുമൂട് ഗോകുലം മെഡിക്കൽ കോളേജ് എന്നിവർ സംയുക്തമായാണ് ഈ വർഷത്തെ ഓണാഘോഷം സംഘടിപ്പിക്കുന്നത്. പരിപാടികൾ പൈതൃകം ഒട്ടും ചോരാത്ത വിധത്തിൽ ഉപ്പേരി വറുത്തുകൊണ്ട് വെള്ളിയാഴ്ച വൈകുന്നേരം 5.30 ന് തലസ്ഥാനത്തെ ഓണാഘോഷ പരിപാടികളുടെ ഉത്ഘാടനം ശാന്തിഗിരി ആശ്രമത്തിൽ നടക്കുന്നു. ആധ്യാത്മിക, സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, കലാരംഗങ്ങളിലെ പ്രമുഖർ പങ്കെടുക്കും. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശാന്തിഗിരി ഗ്ലോബൽ കോൺക്ലേവിനെത്തിയ അന്താരാഷ്ട്ര പ്രതിനിധികളുടെ സാന്നിധ്യത്തിലായിരിക്കും ഓണാഘോഷം നടക്കുന്നത്.

കാലം മാറിയിട്ടും മലയാളജനതയ്ക്ക് കൈമോശം വരാത്ത ചില മൂല്യങ്ങളിൽ ഒന്നാണ് ഓണാഘോഷം.സ്വന്തം തൊടികളിൽ വിയർപ്പൊഴുക്കി അധ്വാനിച്ച് നേന്ത്രനും ചേനയും ചേമ്പും മറ്റു കാർഷികവിഷകളും ഉൽപാദിപ്പിച്ചിരുന്ന ഒരു സമയം നമുക്കുണ്ടായിരുന്നു. മലയാളി ജനതയുടെ ഓണം ഇന്ന് ഒരു റെഡിമെയ്ഡ് ഓണമായി പരിണമിച്ചിരിക്കുന്നു. അത്തം നാളിൽ കൂട്ടായി ഉപ്പേരിവറുക്കൽ സംഘടിപ്പിക്കുവാനുള്ള കാരണം തന്നെ നമുക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന ഗ്രാമസ്മരണകളേയും നന്മകളേയും ഉണർത്തുക എന്ന ലക്ഷ്യത്തോടെയാണ്. അത്തം മുതൽ പത്തു ദിവസം പൂക്കളം തീർക്കാൻ ഓണത്തുമ്പികളെന്നവണ്ണം പാറിനടക്കുന്ന കുസൃതിക്കുടുക്കകൾ നയനങ്ങൾക്ക് അവാച്യമായ ദൃശ്യാനുഭവം പകർന്നു നൽകുന്നു. അതേപോലെ തന്നെ വിശിഷ്ട വ്യക്തികളുൾപ്പെടെ സമൂഹത്തിന്റെ നാനാതുറകളിലുള്ള ജനങ്ങൾ ഒത്തൊരുമിച്ച് അത്തംനാളിൽ ഉപ്പേരി വറുക്കുന്ന കാഴ്ച മനസ്സിലെ എല്ലാ അഴുക്കുചാലുകളേയും ശുദ്ധമാക്കുന്നു.

## സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യരക്ഷാധികാരി

**കൊച്ചി:** ഇന്ത്യയുൾപ്പെടെ പതിനാല് രാജ്യങ്ങളിലെ മലയാളികളുടെ ഇടയിൽ ജീവകാരുണ്യപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന മമ്മൂട്ടി ഫാൻസ് ആന്റ് വെൽഫെയർ അസോസിയേഷൻ ഇന്റർനാഷണലിന്റെ നേതൃനിരയിലേക്ക് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. സംഘടനയുടെ മുഖ്യരക്ഷാധികാരി ആയിട്ടാണ് സ്വാമിയെ തെരഞ്ഞെടുത്തിരിക്കുന്നത്. ചലച്ചിത്ര നിർമ്മാതാവും മമ്മൂട്ടിയുടെ മാനേജരുമായ എസ്.ജോർജ് സഹ രക്ഷാധികാരി. വിവിധ രാജ്യങ്ങളിലെ മമ്മൂട്ടി ആരാധകർക്ക് പ്രാതിനിധ്യം നല്കിയ ക്ഷേമസമിതിയുടെ പ്രസിഡന്റ് റോബർട്ട് കുര്യാക്കോസ് ആണ്. ദുബൈ സ്വദേശി സഫീദ് മുഹമ്മദ് സെക്രട്ടറിയും പാലക്കാട് സ്വദേശി വിനോദ് ട്രഷററുമാണ്. ooo

പുതിയ പ്രതീക്ഷകളുമായാണ് സംഘടന പുതിയ മലയാള വർഷത്തിലേക്ക് കാൽവയ്ക്കുന്നതെന്നും വൃക്ക, നേത്ര ഹൃദയരോഗികൾക്കായി വൻകിട ചികിത്സാ പദ്ധതികളാണ് പുതിയ വർഷത്തിലും സംഘടന ലക്ഷ്യമിടുന്നതെന്നും ഭാരവാഹികൾ വാർത്താക്കുറിപ്പിൽ പറഞ്ഞു. പതിനാല് വിദേശരാജ്യങ്ങളിലും ഇന്ത്യയ്ക്കകത്ത് ഏഴ് സംസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന മമ്മൂട്ടി ആരാധകരുടെ സംഘടന വിവിധ ആരോഗ്യക്ഷേമ പദ്ധതികൾക്കൊപ്പം ആദിവാസി ക്ഷേമ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

## യജ്ഞശാല ആരംഭിച്ചു

**സ്പിരിചൽ സോൺ:** നവപൂജിത ദിവസം വൈകുന്നേരം നടക്കുന്ന ദീപം പ്രദക്ഷിണത്തിനുള്ള ദീപം ഒരുക്കുന്നതിനുള്ള യജ്ഞശാല സ്പിരിചൽ സോണിൽ ആരംഭിച്ചു. ഏകദേശം മൂവായിരത്തോളം ദീപങ്ങളാണ് ഒരുക്കുന്നത്. പച്ചരിയും പഴവും പൂക്കളും മുറിച്ച നാളികേരവും ചന്ദനത്തിരിയും ഉൾപ്പെടെ ഒരുക്കിയ തട്ടത്തിലാണ് ദീപം തയ്യാറാക്കുന്നത്. യജ്ഞശാലയിൽ കർമ്മം ചെയ്യാൻ താല്പര്യമുള്ള വ്രതശുദ്ധിയുള്ള ആത്മബന്ധുക്കൾക്ക് ദീപം ഒരുക്കുന്നതിനുള്ള കർമ്മത്തിൽ സഹകരിക്കാവുന്നതാണ്.

## സിദ്ധ മെഡിക്കൽ കോളേജിൽ ഓണാഘോഷം

**ഹെൽത്ത് കെയർ സോൺ:** ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ഇന്ന് ഓണാഘോഷ പരിപാടികൾ ഇന്ന് നടക്കും. രാവിലെ 8 മുതൽ വൈകുന്നേരം 5 വരെ അത്തപ്പൂക്കള മത്സരം, ഉറിയടി, കലമടി, കസേരകളി, തിരുവാതിര, വടം വലി തുടങ്ങിയ വിവിധ കലാപരിപാടികളും ഓണസദ്യയും ഉണ്ടാകും.



*ഗുരുജ്യോതിയിൽ ലയിച്ച ജനനി വിമല ജ്ഞാനതപസ്വിനിയുടെ പ്രാർത്ഥനാചടങ്ങുകൾ സഹകരണമന്ദിരത്തിൽ നടന്നപ്പോൾ*

## പ്രാർത്ഥനാചടങ്ങുകൾ നടന്നു

**സ്പിരിചൽ സോൺ:** ഗുരുജ്യോതിയിൽ ലയിച്ച സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനിയുടെ നാല്പത്തൊന്നാം ദിവസത്തെ അനന്തര ചടങ്ങുകളും പ്രാർത്ഥനയും ഓഗസ്റ്റ് 23 ബുധനാഴ്ച ആശ്രമത്തിൽ നടന്നു. ഗുരുധർമ്മ പ്രകാശസഭയുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനാചടങ്ങുകളും തട്ടം സമർപ്പണവും നടന്നു. ഉച്ചയ്ക്ക് ഗുരുപൂജ, അന്നദാനം, വൈകുന്നേരം സഹകരണമന്ദിരത്തിൽ പുഷ്പസമർപ്പണവും ഉണ്ടായിരുന്നു. ജൂലൈ 14 നാണ് സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി ഗുരുജ്യോതിയിൽ ലയിച്ചത്. ബന്ധുമിത്രാദികളടക്കം നൂറുകണക്കിന് ആത്മബന്ധുക്കൾ സംബന്ധിച്ചു.



*നവപൂജിത ദിവസത്തെ പ്രസാദം തയ്യാറാക്കുന്ന മാതൃമണ്ഡലം പ്രവർത്തകർ*

## പ്രസാദസമർപ്പണം ഇന്ന്

**സ്പിരിചൽ സോൺ:** നവപൂജിത ദിവസം വിതരണം ചെയ്യുന്നതിനുള്ള പ്രസാദം ശാന്തിഗിരി മാതൃമണ്ഡലം പ്രവർത്തകർ തയ്യാറാക്കി ഇന്ന് ഗുരുവിന് സമർപ്പിക്കും. എറണാകുളം ഏരിയയിലെ പ്രവർത്തകരാണ് പ്രസാദമായി പതിനായിരം എള്ളുണ്ട തയ്യാറാക്കി സമർപ്പിക്കുന്നത്.

# ദേശീയ സെമിനാർ ശ്രദ്ധേയമായി

**സ്പിരിചൽ സോൺ:** ഗ്ലോബൽ സ്പിരിചൽ കോൺക്ലേവിന്റെ ഭാഗമായി സംഘടിപ്പിച്ച ദേശീയ സെമിനാർ ശ്രദ്ധേയമായി. 'സനാതനധർമ്മവും നവജ്യോതിശ്രീ കരുണാകരഗുരുവിന്റെ ദർശനവശങ്ങളും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാറിൽ സനാതന ധർമ്മത്തെക്കുറിച്ചുള്ള ഗുരുവിന്റെ കാഴ്ചപ്പാടുകൾ ചർച്ചാവിഷയമായി. സനാതനധർമ്മത്തിന്റെ അന്ത:സത്ത ഇന്ന് പ്രചരിതമായിരിക്കുന്ന ഹൈന്ദവ സംസ്കാരത്തിൽ നിന്ന് ഭിന്നമാണെന്നും അതിന്റെ വാസ്തവ സ്വരൂപം ഋഷീശ്വരന്മാരുടെ പ്രപഞ്ചസത്യങ്ങളെക്കുറിച്ചുള്ള കണ്ടെത്തലാണെന്നും മുഖ്യ പ്രഭാഷണം നടത്തിയ ശാന്തിഗിരി ആശ്രമം സ്വാമി നവനന്മ ജ്ഞാനതപസ്വി.ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമായ ഗുരുശിഷ്യപാരമ്പര്യമാണ് സനാതന ധർമ്മത്തിന്റെ മുഖ്യ ധാരയെന്നും സ്വാമി പറഞ്ഞു.

കാലിഫോർണിയ യൂണിവേഴ്സിറ്റി ഗ്ലോബൽ സ്റ്റഡീസ് ആന്റ് സോഷ്യോളജി വിഭാഗം ഹെഡ് പ്രൊഫസർ മാർക്ക് ജുഗൻസ്മിയർ ഉദ്ഘാടനം ചെയ്ത സെമിനാറിൽ ഗുരുവിന്റെ ആത്മീയപാത ഭാരതത്തിന്റെ ചിന്താധാരയിൽ കൊണ്ടുവന്നിരിക്കുന്ന വിപ്ലവാത്മകമായ മാറ്റങ്ങളെക്കുറിച്ച് ചർച്ചകൾ നടന്നു. ഭാരതത്തിന്റെ ആത്മീയ പൈതൃകത്തിൽ വന്നിട്ടുള്ള അപാകതകളെ നീക്കം ചെയ്ത് കാലത്തിനൊത്തുള്ള ധാർമ്മിക നേതൃത്വത്തെ സ്വീകരിക്കണമെന്ന ഗുരുവിന്റെ ആശയം മഹത്തരമായ ആശയമാണെന്ന് മദ്രാസ് യൂണിവേഴ്സിറ്റി ഫിലോസഫി ഡിപ്പാർട്ട്മെന്റ് മുൻ മേധാവി പ്രൊഫ. പനീർസെൽവം വിശദീകരിച്ചു.




*ദേശീയ സെമിനാറിനെത്തിയ പ്രൊഫസർ മാർക്ക് ജുഗൻസ്മിയറെ ആദരിക്കുന്നു*



*പ്രൊഫസർ മനോരഞ്ജൻ മൊഹന്തി സംസാരിക്കുന്നു*

ധർമ്മത്തെക്കുറിച്ചുള്ള ഗുരുവിന്റെ ദർശനങ്ങൾ ആഴത്തിലുള്ളതാണെന്നും ഇത് ശാസ്ത്രാധിഷ്ഠിത പഠനവിഷയമാക്കാവുന്നതാണെന്നും ന്യൂഡൽഹി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈനീസ് സ്റ്റഡീസ് ഹോണററി ഫെലോ പ്രൊഫ. മനോരഞ്ജൻ മൊഹന്തി പറഞ്ഞു. ഗുരുവിന്റെ ആശയം ഏറെ മഹത്തരമാണെന്ന് കണ്ണൂർ യൂണിവേഴ്സിറ്റി മുൻ വി.സി. പ്രൊഫ. കെ.കെ.എൻ. കുറുപ്പ് പറഞ്ഞു. മാനവരാശിക്കുതകുന്ന പുതിയ ആശയമാണ് ശാന്തിഗിരിയുടേതെന്ന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല പ്രോഫസർ ശ്രീകല എം. നായർ അഭിപ്രായപ്പെട്ടു.

മൂന്നു വിഭാഗങ്ങളായി നടന്ന സെമിനാറിൽ സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാന തപസ്വി, ഡോ. ടി. എസ്. സോമനാഥൻ, ഡോ. കെ.ആർ.എസ്. നായർ, ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ഫെലോ ഡോ. കെ. ഗോപിനാഥൻ പിള്ള, എസ്. ആർ.എഫ്. അഡീഷണൽ ജനറൽ മാനേജർ ജി.ജനാർദ്ദനമേനോൻ, റ്റി.കെ. ഉണ്ണികൃഷ്ണ പ്രസാദ്, തിരുവനന്തപുരം ഗവ.വിമൺസ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്വപ്ന ശ്രീനിവാസൻ, ആലപ്പുഴ പെലിക്കൻ ഫൗണ്ടേഷൻ ട്രസ്റ്റി ഡോ.സി.എൻ.മനോജ്, എം.ആർ. ബോബൻ,കെ.ശശികല, അഡ്വ.കെ.കെ ചന്ദ്രലേഖ, ഡോ.ദിവ്യ ചന്ദ്രൻ, പി.ഡി. സീതാദേവി, ജെ.ഗീതാകുമാരി, ബിന്ദു സുനിൽ, വന്ദിതലാൽ, എസ് രചന എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

## ശാന്തിഗിരി ഗ്ലോബൽ സ്പിരിച്വൽ കോൺക്ലേവ്














Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala